INDIAN INSTITUTE OF DIABETES
(A Govt.of Kerala Undertaking)
Pulayanarkotta, Thiruvananthapuram - 31, Kerala. Tel. No. 0471-2559388, 9562700200
Tel/Fax: 91-471-2559388, e-mail: iidtvm@yahoo.com, www.iidkerala.org

നമ്പർ: 364/എ3/2025/ഐ.ഐ.ഡി　　　　　　　　　　തീയതി: 09/09/2026

## ക്വട്ടേഷൻ നോട്ടീസ്

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിന്റെ ഒ.പി ബ്ലോക്കിന്റെ ഗ്രൗണ്ട് ഫ്ലോറിൽ ഈ സ്ഥാപനം ലഭ്യമാക്കുന്ന സ്ഥലത്ത് കഫറ്റീരിയ കിയോസ്ക് സ്വന്തം ചെലവിൽ സ്ഥാപിച്ച് നടത്തുന്നതിന് താൽപര്യമുള്ള, ആവശ്യമായ രജിസ്ട്രേഷനും ഫുഡ് സേഫ്റ്റി ലൈസൻസ്/ സർട്ടിഫിക്കറ്റും മുൻപരിചയവുമുള്ള വ്യക്തികളിൽ നിന്നും/സംഘടനകളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. കഫറ്റീരിയ കിയോസ്ക് സ്ഥാപിക്കുന്നതിനുള്ള മുഴുവൻ ചെലവും ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി/സ്ഥാപനം/സംഘടന വഹിക്കേണ്ടതാണ്. ക്വട്ടേഷനിൽ പ്രതിമാസം നൽകാൻ തയ്യാറുള്ള വാടക തുക വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി 21.09.2026 വൈകുന്നേരം 4.00 മണി വരെയാണ്. ലഭിക്കുന്ന ക്വട്ടേഷനുകൾ 21.09.2026 വൈകുന്നേരം 4.30 മണിക്ക് തുറന്ന് പരിശോധിക്കുന്നതാണ്. കഫറ്റീരിയ കിയോസ്ക് നടത്തിപ്പിനുള്ള യോഗ്യത, മുൻപരിചയം, സേവനത്തിന്റെ സ്വഭാവം, ഗുണനിലവാരം, വിലനിലവാരം എന്നിവ പരിഗണിച്ച് ഏറ്റവും ഉയർന്ന പ്രതിമാസ വാടക തുക രേഖപ്പെടുത്തിയിട്ടുള്ള യോഗ്യനായ വ്യക്തി/സ്ഥാപനം/സംഘടനയ്ക്ക് കഫറ്റീരിയ കിയോസ്ക് സ്ഥാപിച്ച് നടത്തുന്നതിനുള്ള അനുമതി/കരാർ നൽകുന്നതാണ്. ക്വട്ടേഷൻ അനുബന്ധത്തിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും. വ്യവസ്ഥകളിൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്. രേഖകൾ അപൂർണ്ണമായ ക്വട്ടേഷനുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

INDIAN INSTITUTE OF DIABETES
Thiruvananthapuram
11

ഡോ.പി.കെ ജബ്ബാർ
ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

**അനുബന്ധം**

**വ്യവസ്ഥകൾ**

1. കരാർ കാലാവധി കരാറിലേർപ്പെടുന്ന തീയതി മുതൽ ഒരു വർഷം ആയിരിക്കുന്നതാണ്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഡയബറ്റിസിന്റെ ഒ.പി ബ്ലോക്കിന്റെ ഗ്രൗണ്ട് ഫ്ലോറിൽ ഈ സ്ഥാപനം ലഭ്യമാക്കുന്ന സ്ഥലത്ത് കഫറ്റീരിയ കിയോസ്ക് സ്ഥാപിച്ച് നടത്തേണ്ടതാണ്.
2. കഫറ്റീരിയ കിയോസ്ക് സ്ഥാപിക്കുന്നതിനുള്ള മുഴുവൻ ചെലവും ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി/സ്ഥാപനം/സംഘടന തന്നെ വഹിക്കേണ്ടതാണ്. കഫറ്റീരിയ കിയോസ്കിന്റെ രൂപകൽപ്പന, വലുപ്പം, നിർമ്മാണം എന്നിവ സ്ഥാപനത്തിന്റെ മുൻകൂർ അനുമതിക്ക് വിധേയമായിരിക്കണം.
3. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനം/സംഘടന പ്രതിമാസം നൽകാൻ തയ്യാറുള്ള വാടക തുക വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുക പ്രതിമാസ വാടകയായി സ്ഥാപനത്തിൽ അടയ്ക്കേണ്ടതാണ്.
4. ഓരോ മാസത്തെയും വാടക അടുത്ത മാസം 7-ാം തീയതിക്ക് മുൻപായി ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. വൈദ്യുതി, വെള്ളം തുടങ്ങിയവയുടെ ചാർജ് ബാധകമാണെങ്കിൽ അവയും യഥാസമയം അടയ്ക്കേണ്ടതാണ്.
5. രണ്ട് മാസത്തിലധികം വാടക കുടിശ്ശിക വരുത്തിയാൽ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കുന്നതാണ്.
6. കഫറ്റീരിയ കിയോസ്കിന്റെ പ്രവർത്തന സമയം സ്ഥാപനത്തിന്റെ നിർദ്ദേശപ്രകാരം ആയിരിക്കണം. സാധാരണയായി രാവിലെ 8.00 മണി മുതൽ വൈകുന്നേരം 5.00 മണി വരെ പ്രവർത്തിക്കേണ്ടതാണ്.
7. ആശുപത്രി/ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്ന എല്ലാ ദിവസങ്ങളിലും കഫറ്റീരിയ കിയോസ്ക് പ്രവർത്തിക്കേണ്ടതാണ്.
8. കഫറ്റീരിയ കിയോസ്കിൽ വിൽപ്പന നടത്തുന്ന ഭക്ഷണപദാർത്ഥങ്ങൾ/പാനീയങ്ങൾ/മറ്റ് സാധനങ്ങളുടെ വിലനിലവാരം എഴുതി പ്രദർശിപ്പിക്കേണ്ടതാണ്. സ്ഥാപനത്തിന്റെ മുൻകൂർ അനുമതിയില്ലാതെ വിലയിൽ മാറ്റം വരുത്താൻ പാടുള്ളതല്ല.
9. ഡയബറ്റിസ് രോഗികൾക്ക് അനുയോജ്യമായ ആരോഗ്യകരമായ ഭക്ഷണപദാർത്ഥങ്ങൾ/ പാനീയങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്ഥാപനത്തിലെ ഡയറ്റീഷ്യൻ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

INDIAN INSTITUTE OF DIABETES
Thiruvananthapuram
11

10. കഫറ്റീരിയ കിയോസ്കിലും പരിസരത്തും ആവശ്യമായ ശുചിത്വം ഉറപ്പാക്കേണ്ടതും മാലിന്യങ്ങൾ നഗരസഭ/ബന്ധപ്പെട്ട അധികാരികൾ നിർദ്ദേശിക്കുന്ന രീതിയിൽ സ്വന്തം നിലയിൽ സംസ്കരിക്കേണ്ടതുമാണ്.

11. കഫറ്റീരിയ കിയോസ്ക് നടത്തിപ്പിനായി ആവശ്യമായ FSSAI രജിസ്ട്രേഷൻ/ലൈസൻസ്, നഗരസഭയുടെ ആവശ്യമായ ലൈസൻസ്/അനുമതികൾ എന്നിവ കരാറുകാരൻ സ്വന്തം ഉത്തരവാദിത്വത്തിൽ നേടിയിരിക്കണം. അവയുടെ പകർപ്പ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

12. ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരവും ശുചിത്വവും പരിശോധിക്കുന്നതിനായി സ്ഥാപനത്തിന്റെ ഭാഗത്തുനിന്ന് നിയോഗിക്കുന്ന മോണിറ്ററിംഗ് സമിതിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

13. രോഗികളോടും കൂട്ടിരിപ്പുകാരോടും ജീവനക്കാരോടും മറ്റ് ഉപഭോക്താക്കളോടും മാന്യമായ പെരുമാറ്റം ഉണ്ടായിരിക്കണം. മോശം പെരുമാറ്റം സംബന്ധിച്ച് പരാതി ലഭിച്ചാൽ കരാർ റദ്ദാക്കുന്നതിന് അത് മതിയായ കാരണമായി കണക്കാക്കുന്നതാണ്.

14. കഫറ്റീരിയ കിയോസ്ക് സ്ഥാപിക്കുന്ന സ്ഥലത്തോ സ്ഥാപനത്തിന്റെ കെട്ടിടത്തിലോ യാതൊരുവിധ കേടുപാടുകളും വരുത്താൻ പാടുള്ളതല്ല. കേടുപാടുകൾ സംഭവിച്ചാൽ അതിന്റെ പുനഃസ്ഥാപനത്തിനുള്ള ചെലവ് കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

15. സ്ഥാപനത്തിന്റെ മുൻകൂർ അനുമതിയില്ലാതെ കഫറ്റീരിയ കിയോസ്ക് മറ്റൊരാൾക്ക് കൈമാറുകയോ ഉപകരാർ നൽകുകയോ പാടുള്ളതല്ല.

16. കരാർ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിച്ചാൽ രണ്ടാഴ്ചത്തെ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കാൻ സ്ഥാപനത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്.

17. കരാർ കാലാവധി പൂർത്തിയാകുമ്പോൾ കഫറ്റീരിയ കിയോസ്കും കിയോസ്ക് സ്ഥാപിച്ചിരിക്കുന്ന സ്ഥലവും സ്ഥാപനത്തിന് യാതൊരു കേടുപാടുകളും വരുത്താതെ തിരികെ ഏൽപ്പിക്കേണ്ടതാണ്. കിയോസ്ക് നീക്കം ചെയ്യുന്നതിനുള്ള ചെലവ് കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.

18. കഫറ്റീരിയ കിയോസ്ക് നടത്തിപ്പുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, ആനുകൂല്യങ്ങൾ, നിയമപരമായ ബാധ്യതകൾ എന്നിവയ്ക്ക് സ്ഥാപനത്തിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

INDIAN INSTITUTE OF DIABETES
Thiruvananthapuram
11

19. സ്ഥാപനത്തിന്റെ താൽപര്യം പരിഗണിച്ച് കഫറ്റീരിയ കിയോസ്കിൽ വിൽപ്പന നടത്താവുന്ന സാധനങ്ങളുടെ ഇനം, ഗുണനിലവാരം, വിലനിലവാരം എന്നിവ സംബന്ധിച്ച് സ്ഥാപനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

20. കഫറ്റീരിയ കിയോസ്ക് നടത്തിപ്പുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന്റെ ഡയറക്ടർ & ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

INDIAN INSTITUTE OF DIABETES
Thiruvananthapuram
11